ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം

479 [870] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം ഇപ്പോൾ പരിശോധിക്കുന്നത് അലോപ്പതി വിഭാഗക്കാരാണോ?

ഉത്തരം

അല്ല.

ശല്യശാലാക്യ പ്രൊഫസർ തസ്തിക

480 [873] ശ്രീ. ബെന്നി ബഹനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആയുർവ്വേദ കോളേജിലെ പോസ്റ്റ് ഗ്രാഡ്വേറ്റ് സെന്ററിലെ ശല്യശാലാക്യ പ്രൊഫസർ തസ്തികയിലേക്ക് വേണ്ട യോഗ്യതകൾ എന്തെല്ലാം;

(ബി) ഈ യോഗ്യതകളെല്ലാമുള്ള എത്ര ആളുകൾ പ്രസ്തുത സ്ഥാപനത്തിലുണ്ട്;

(സി) ഇപ്പോൾ ഈ തസ്തികയിലേക്ക് നിയമിതനായ ആൾക്ക് ഈ യോഗ്യതകളെല്ലാം ഉണ്ടോ;

(ഡി) ഇല്ലെങ്കിൽ വേണ്ട യോഗ്യതകൾ ഉള്ള ആളുകൾ ഉണ്ടായിരിക്കേ യോഗ്യതകളില്ലാത്ത ആളെ നിയമിക്കുവാനുണ്ടായ കാരണമെന്താണ്;

(ഇ) ഇക്കാര്യത്തിൽ ന്യായയുക്തമായ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) യോഗ്യതകൾ:

1. ആയുർവ്വേദത്തിൽ ഒന്നാം ക്ലാസ്സോ രണ്ടാം ക്ലാസ്സോ ബിരുദം.
2. കേരള യൂണിവേഴ്സിറ്റി അംഗീകരിച്ച പ്രസ്തുത വിഷയത്തിലെ ബിരുദാനന്തര ഡിഗ്രി.
3. ആയുർവ്വേദ കോളേജിലോ, പി.ജി. സെന്ററിലോ റീഡറായി ഏഴുകൊല്ലത്തെ അദ്ധ്യയന പരിചയം.

അഭിലഷണീയം

പ്രസിദ്ധീകരിച്ച ഗവേഷണ പ്രബന്ധങ്ങൾ; കുട്ടികളെ ഗവേഷണത്തിന് മേൽനോട്ടം വഹിച്ചിട്ടുള്ള പരിശീലനം എന്നിവ.

(ബി) ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ഡിഗ്രിയുള്ള ആളാണ്. പ്രസ്തുത വിഷയത്തിൽ യോഗ്യത ഉള്ളവർ ഇല്ലാത്തതിനാൽ ബന്ധപ്പെട്ട വിഷയത്തിൽ പോസ്റ്റ് ഗ്രാഡ്വേഷൻ ഉള്ളവർക്ക് നിയമനം കൊടുക്കാം എന്ന് കേരള സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ട്.

(ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

ആയുർവ്വേദത്തിനു മാത്രമായി ഒരു മെഡിക്കൽ ഡയറക്ടറേറ്റ്

481 [875] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആയുർവ്വേദത്തിനു മാത്രമായി ഒരു മെഡിക്കൽ ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ആയുർവ്വേദത്തിനു മാത്രമായി ഒരു മെഡിക്കൽ ഡയറക്ടറേറ്റ് രൂപീകരിക്കേണ്ട ആവശ്യമില്ല.

ആയുർവ്വേദ കോളേജിലെ പി.ജി. സെന്ററിൽ പോസ്റ്റ് ഗ്രാഡ്വേഷൻ നടപ്പിലാക്കിയിട്ടുള്ള വിഷയങ്ങൾ

482 [876] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആയുർവ്വേദ കോളേജിലെ പി.ജി. സെന്ററിൽ ഏതെല്ലാം വിഷയങ്ങളിലാണ് പോസ്റ്റ് ഗ്രാഡ്വേഷൻ നടപ്പിലാക്കിയിട്ടുള്ളത്;

(ബി) സി.സി.ഐ.എം. (സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻസ്) സിലബസ് അനുസരിച്ച് നിർദ്ദിഷ്ട യോഗ്യതയുള്ളവരാണോ എം.ഡി. കോഴ്സിന് വിദ്യാർത്ഥികളെ ഗൈഡ് ചെയ്യുന്നത്?

ഉത്തരം

(എ) തിരുവനന്തപുരം ആയുർവ്വേദ പോസ്റ്റ് ഗ്രാഡ്വേഷൻ സെന്ററിൽ കായ ചികിൽസ, ശല്യശാലാക്യ, ദ്രവ്യഗുണം, പ്രൈമറി കല്പന രസശാസ്ത്രം എന്നീ വിഷയങ്ങളിലാണ് പോസ്റ്റ് ഗ്രാഡ്വേഷൻ നടപ്പിലാക്കിയിട്ടുള്ളത്.

(ബി) നിർദ്ദിഷ്ട യോഗ്യതകളൊന്നും കൗൺസിൽ നിർദ്ദേശിച്ചിട്ടില്ല.

പത്തനംതിട്ട ജില്ലാ ആയുർവ്വേദ ആഫീസ്

483 [877] ശ്രീ. വി.എസ്. ചന്ദ്രശേഖരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആയുർവ്വേദ ആഫീസിന്റെ പ്രവർത്തനം പത്തനംതിട്ട ജില്ലയിൽ ആരംഭിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly